പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4639 20-10-2011 -ൽ മറുപടിക്ക്.

## വിദ്യാലയങ്ങൾക്ക് സമീപം ലഹരി വസ്തുക്കളുടെ ലഭ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. കെ. ബാബു (എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവരെ കണ്ടെത്തി അവരെ ബോധവത്ക്കരിക്കാനും ചികിത്സ ആവശ്യമുള്ളവർക്ക് അത് നൽകാനും എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റിന്റെ കീഴിലുള്ളത്; വിശദമാക്കുമോ; | (എ) മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവരെ കണ്ടെത്തി അവരെ ബോധവത്ക്കരിക്കാനും, ചികിത്സ ആവശ്യമുള്ളവർക്ക് ആയത് നൽകാനുമായി ഗവൺമെന്റ് ആശുപത്രികളിൽ ലഹരി മോചന കേന്ദ്രങ്ങൾ തുടങ്ങുന്നതിന്റെ ആദ്യപടിയായി, കളമശ്ശേരി സഹകരണ മെഡിക്കൽ കോളേജിൽ ലഹരി മോചന കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. |
| (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, പി.ടി.എ., ജനപ്രതിനിധികൾ എന്നിവരുൾപ്പെടുന്ന സമിതികൾ രൂപീകരിച്ച് വിദ്യാലയങ്ങൾക്ക് സമീപം മദ്യം, മയക്കുമരുന്ന്, പുകയില ഉല്പന്നങ്ങൾ എന്നിവയുടെ ലഭ്യത ഇല്ലാതാക്കാൻ സംസ്ഥാനതലത്തിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ; നിലവിൽ ഇങ്ങനെയൊരു പദ്ധതിയുണ്ടെങ്കിൽ അതിനെ സജീവമാക്കാനുള്ള നടപടി സ്വീകരിക്കുമോ? | (ബി) സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും, നിയോജക മണ്ഡലാടിസ്ഥാനത്തിലും, പഞ്ചായത്ത് തലത്തിലും, ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികൾ മദ്യം, മയക്കുമരുന്ന്, പുകയില ഉല്പന്നങ്ങൾ എന്നിവയുടെ ലഭ്യത കുറയ്ക്കുന്നതിന് വേണ്ട പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ആഫീസർ